**രജിസ്റ്റേർഡ് (എഡി സഹിതം)**

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പിഒ, തിരുവനന്തപുരം പിൻ– 695035

ഫോൺ: 0471 2302490 ഫാക്സ്: 0471 2303025 / 2303080

ഇമെയിൽ: dhskerala.hlth@kerala.gov.in വെബ്സൈറ്റ്: www.dhs.kerala.gov.in

---

DHS/13787/2025-EA4 തീയതി. 04-02-2026

**കാരണം കാണിക്കൽ നോട്ടീസ്**

വിഷയം: ആരോഗ്യവകുപ്പ്-ഡോ സുനിൽ എ സലീം (Dr Sunil A Salim PEN 643558), അസിസ്റ്റന്റ് സർജൻ / കാഷ്വാൽറ്റി മെഡിക്കൽ ഓഫീസർ-അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് - തുടർ നടപടി സ്വീകരിക്കുന്നത് – സംബന്ധിച്ച്

പരാമർശം:
1. എ1-3064/2019/ജിമെആ കൊല്ലം തീയതി 16.03.2019, 12.07.2019
2. ഡോ സുനിൽ എ സലീം സമർപ്പിച്ച അപേക്ഷ തീയതി 03.11.2018
3. എ1-3064/2019/ജിമെആ കൊല്ലം തീയതി 12.07.2019
4. GE05/H/S85-05/4356 തീയതി 19.02.2019
5. ഉത്തരവ് നം ഇഎ2- 39096/2012/ആവഡ തീയതി 19.05.2012
6. സഉ(അച്ചടി) നം 55/2020/ആകുവ തീയതി 16.09.2020
7. എ3/306/2019/ഹെൽത്ത് തീയതി 15.03.2021
8. നം ഇഎ4- 92577/2018/ആവഡ തീയതി 14.06.2021
9. നം ഇഎ4- 92577/2018/ആവഡ തീയതി 20.07.2021

ഡോ സുനിൽ എ സലീം (Dr Sunil A Salim, PEN 643558)എന്ന താങ്കൾ കൊല്ലം കൊട്ടാരക്കര താലൂക്കാശുപത്രിയിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ സേവനത്തിലിരിക്കവെ കരുനാഗപ്പള്ളി താലൂക്കാശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റം ലഭിച്ചതിനെ തുടർന്ന് 06.06.2012 അപരാഹ്നം സേവനത്തിൽ നിന്നും വിടുതൽ ചെയ്തിരുന്നെങ്കിലും ടി സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിക്കുന്നതിന് റിപ്പോർട്ട് ചെയ്തിരുന്നില്ല. തിരികെ സേവനത്തിൽ പ്രവേശിപ്പിക്കുന്നതിന് പരാമർശം (2)

പ്രകാരം താങ്കൾ അപേക്ഷ സമർപ്പിച്ചു. **07.06.2012** തീയതി മുതൽ താങ്കൾ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുകയാണെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ.റിപ്പോർട്ട് ചെയ്തിരുന്നു. പരാമർശം **(2)** ലെ താങ്കളുടെ അപേക്ഷ വിശദമായി പരിശോധിക്കുകയും ടി വിവരം സർക്കാരിലേയ്ക്ക് അറിയിക്കുകയും ചെയ്തിരുന്നു. സർവ്വീസിൽ പുന പ്രവേശിക്കുന്നതിനായി പരാമർശം **(6)** സർക്കാർ ഉത്തരവ് പ്രകാരമുള്ള ബോണ്ട് സഹിതമുള്ള അപേക്ഷ സമർപ്പിക്കുന്നതിന് പരാമർശം **(7)** പ്രകാരം സർക്കാർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ പരാമർശം **(8)**, **(9)** പ്രകാരം താങ്കൾക്ക് അറിയിപ്പ് നൽകിയിരുന്നെങ്കിലും നാളിതുവരെ ടി നിർദ്ദേശം പാലിക്കുന്നതിന് ഡോ സുനിൽ എ സലീം തയ്യാറായിട്ടില്ല. **17.09.2008** തീയതി സേവനത്തിൽ പ്രവേശിച്ച താങ്കൾ പ്രൊബേഷണർ ആണ്. പ്രൊബേഷൻ കാലാവധിയ്ക്കുള്ളിൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിനാൽ താങ്കളുടെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമായി കാണക്കാക്കുന്നതിന് കഴിയാത്തതിനാൽ **1958** ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ പാർട്ട് **II** റൂൾ **19 (a) (ii)** പ്രകാരം താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിക്കുന്നതിനും സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനും താത്കാലികമായി തീരുമാനിക്കുന്നു.

**(2)** ടി സാഹചര്യത്തിൽ മേൽ ഖണ്ഡിക പ്രകാരമുള്ള താത്കാലിക തീരുമാനത്തിനെതിരായി താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് നോട്ടീസ് ലഭിച്ച് **15** (പതിനഞ്ച്) ദിവസത്തിനകം രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്. ടി വിഷയത്തിൽ താങ്കളെ നേരിട്ട് കേൾക്കണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ ആയത് നോട്ടീസിനുള്ള മറുപടിയിൽ വ്യക്തമാക്കിയിരിക്കേണ്ടതാണ്. തൽസംബന്ധമായ വിശദീകരണം ടി കാലയളവിനുള്ളിൽ ലഭ്യമാക്കാത്തപക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ലെന്ന നിഗമനത്തിൽ താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

Digitally signed by
Reena K J
Date: 04-02-2026
15:11:30

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

**Dr Sunil A Salim,**

**333 A, Ayaan, Neerazhi Lane, Ulloor,**

**Medical College PO- TVM- 695011**

(രണ്ടു പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. ഒരു പകർപ്പ് താങ്കളുടെ തീയതിയോടു കൂടിയ ഒപ്പ് രേഖപ്പെടുത്തി തിരികെ ലഭ്യമാക്കേണ്ടതാണ്)

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,

തിരുവനന്തപുരം.

2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),

കൊല്ലം.

3. സൂപ്രണ്ട്,

താലൂക്കാശുപത്രി കൊട്ടാരക്കര, / കരുനാഗപ്പള്ളി.

(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)

4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്

5. ഫയൽ